**15 –ാം കേരള നിയമസഭ**

**16 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1629** **03-02-2026 - ൽ മറുപടിയ്ക്ക്**

**ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ വി ശശി** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പരിഷ്കാരങ്ങൾ മൂലം ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല, ഇ-ഗവേണൻസ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനോടൊപ്പം ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>ടി നടപടികളുടെ ഭാഗമായി 18/10/2024 തീയതിയിലെ സ.ഉ(സാധാ)നം.920/2024/ടാക്സസ്, 29/12/2025 തീയതിയിലെ സ.ഉ.(സാധാ)നം 1138/2025/ടാക്സസ് എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് ടെംബ്ളേറ്റ് ഉപയോഗിച്ച് ആധാരങ്ങൾ തയ്യാറാക്കുമ്പോൾ ആധാരമെഴുത്തുകാർ, അഡ്വക്കേറ്റുമാർ മുഖാന്തരം മാത്രം ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | എന്റെ ഭൂമി പോർട്ടൽ നടപ്പിലാക്കുമ്പോൾ ആധാരമെഴുത്തുകാരുടെ തൊഴിലിനെ ബാധിക്കാതിരിക്കാൻ, ഈ മേഖലയിലുള്ളവർക്ക് ഇതിനെക്കുറിച്ച് പരിശീലനം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | എന്റെ ഭൂമി പോർട്ടലിനെ സംബന്ധിച്ചുള്ള പരിശീലനം രജിസ്ട്രേഷൻ വകുപ്പ് നൽകി വരുന്നുണ്ട്.<br><br>ഡിജിറ്റൽ സർവ്വേ വിജ്ഞാപനം ചെയ്തിട്ടുള്ള വില്ലേജുകൾ ഉൾപ്പെട്ടു വരുന്ന സബ് രജിസ്ട്രാർഓഫീസുകളിലെ ജീവനക്കാർക്കും പ്രസ്തുത ഓഫീസുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർക്കും എന്റെ ഭൂമി പോർട്ടൽ സംബന്ധിച്ച് വിശദമായ പരിശീലനം ഓൺലൈൻ ആയും അല്ലാതെയും വകുപ്പിൽ നിന്നും നൽകി വരുന്നു. കൂടാതെ എന്റെ ഭൂമി പോർട്ടൽ സംബന്ധിച്ച് വിശദമായ വീഡിയോ തയ്യാറാക്കി സബ് രജിസ്ട്രാർമാർ മുഖേന ആധാരമെഴുത്തുകാർക്കിടയിൽ പ്രചരിപ്പിച്ചിട്ടുണ്ട്. |
| (സി) | വാണിജ്യ ബാങ്കുകളിൽ നിന്നും ചെറുകിട വ്യവസായ വായ്പകൾക്കും വ്യക്തിഗത വായ്പകൾക്കുമുള്ള കരാറുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | 1908 -ലെ രജിസ്ട്രേഷൻ ആക്ട് പ്രകാരം നിർബന്ധിതമായി രജിസ്റ്റർ ചെയ്യേണ്ടതില്ലാത്ത സാമ്പത്തിക കരാറുകളുടെ വിദൂര നിർവ്വഹണത്തിനായി National e-Governance |

| | | | |
|---|---|---|---|
| | | | Services Limited (NeSL) -മായി ഒരു വാണിജ്യേതര കരാറിൽ ഏർപ്പെടുന്നതിനും, രജിസ്ട്രേഷൻ വകുപ്പിന്റെ OPEN PEARL സിസ്റ്റവും ഇ-ട്രഷറി പോർട്ടലും (GRAS) NeSL-ന്റെ ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോമുമായി (DDE) സംയോജിപ്പിക്കുന്നതിന് 3/12/2021 തീയതിയിലെ GO (Ms) No.81/2021/Taxes നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാരംഭ ഘട്ടത്തിൽ, ഈ സംയോജിത സംവിധാനം കേരള സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകൾ, കേരള ബാങ്ക്, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC), കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSFE), കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC) എന്നിവയ്ക്ക് സേവനം നൽകാനാണ് ഉത്തരവായിട്ടുള്ളത്. അതനുസരിച്ച് NeSL കേരള സംസ്ഥാനത്തിനുള്ളിലെ മേൽ സൂചിപ്പിച്ചിട്ടുള്ള ബാങ്കുകൾ വഴി ഡിജിറ്റൽ ഇ-സ്റ്റാമ്പിംഗ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ